## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1190

04/12/2014 ൽ മറുപടിയ്ക്ക്

# സാങ്കേതിക സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>,, വി. റ്റി. ബൽറാം<br>,, എ. റ്റി. ജോർജ്<br>,, കെ. ശിവദാസൻ നായർ | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) സാങ്കേതിക സർവ്വകലാശാല ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തീരുമാനമെടുത്തിട്ടുണ്ട്. 2014 മേയ് 5 ന്, 11-ാം നമ്പർ ഓർഡിനൻസ് പ്രകാരം കേരള സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നിട്ടുണ്ട്. 2014 സെപ്റ്റംബർ ഒന്നാം തീയതി വൈസ് ചാൻസലറും പ്രോ- വൈസ് ചാൻസലറും ചുമതലയേറ്റതോടുകൂടി സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. |
| (ബി) പ്രസ്തുത സർവ്വകലാശാല ആരംഭിക്കുന്നതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ അനുബന്ധം - 1 ൽ ചേർത്തിരിക്കുന്നു. |
| (സി) സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് പ്രസ്തുത നടപടി എത്രമാത്രം പ്രയോജനപ്പെടുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ; | (സി) കേരളത്തിൽ പുതുതായി ആരംഭിച്ച സാങ്കേതിക സർവ്വകലാശാല സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയുടെ നവീകരണത്തിനും പുനരുദ്ധാരണത്തിനും പൊതുവേയും, എഞ്ചിനിയറിംഗ് ശാസ്ത്ര മേഖലയുടെ ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനും പ്രയോജനപ്പെടുമെന്ന നിലയ്ക്കാണ് വിഭാവനം ചെയ്തിരിക്കുന്നത്. |

| | |
|---|---|
| (ഡി) ഇക്കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) സാങ്കേതിക സർവ്വകലാശാലയുടെ പ്രവർത്തനം താൽകാലികമായി തിരുവനന്തപുരം സർക്കാർ എഞ്ചിനിയറിംഗ് കോളേജ് കാമ്പസിൽ പ്രവർത്തനം ആരംഭിച്ചു. 2014 സെപ്റ്റംബറിൽ വൈസ് ചാൻസലറും പ്രോ- വൈസ് ചാൻസലറും നവംബറിൽ റജിസ്ട്രാറും ചുമതലയേറ്റതോടുകൂടി സർവ്വകലാശാലയുടെ പ്രവർത്തനം തുടങ്ങി. സർവ്വകലാശാലയുടെ സുഗമമായ പ്രവർത്തനത്തിനും ഒഴിവാക്കാനാകാത്ത ചെലവുകൾക്കുമായി ഒരു കോടി രൂപ സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. സർവ്വകലാശാലയ്ക്ക് തനതായ പ്രവർത്തനം ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികളും അടുത്ത അദ്ധ്യയന വർഷം മുതൽ അക്കാഡമിക് കരിക്കുലം പുനരേകീകരിക്കുന്നതിന് വേണ്ട നടപടികളും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

(അനുബന്ധം - 1)



5. <u>സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ.</u>— സർവ്വകലാശാലയുടെ ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരം ആയിരിക്കുന്നതാണ്, അതായത്:—

(എ) സാങ്കേതിക ശാസ്ത്ര സംബന്ധമായ നയരൂപീകരണത്തിനും സംസ്ഥാനത്തിന്റെ എഞ്ചിനീയറിംഗ് ആസൂത്രണത്തിനും നേതൃത്വം നൽകുക;

(ബി) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതികശാസ്ത്രം, മാനേജ്മെന്റ് എന്നിവയിലുള്ള ബിരുദ, ബിരുദാനന്തര ബിരുദ ഗവേഷണ പരിപാടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക;

(സി) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടുള്ള എല്ലാ കോളേജുകളുടെയും അക്കാദമിക നിലവാരം ക്രമപ്പെടുത്തുക;

(ഡി) സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്യപ്പെട്ടിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോഴ്സുകൾ നടത്തുന്നതുമായ എല്ലാ സ്ഥാപനങ്ങളുടെയും അക്കാദമിക നിലവാരം വിലയിരുത്തുകയും ക്രമപ്പെടുത്തുകയും അവ നിയമാനുസൃതവും സർവ്വകലാശാല പുറപ്പെടുവിക്കുന്ന അങ്ങനെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും ഉത്തരവുകൾക്കും അനുസൃതമായിട്ടാണെന്നും ഉറപ്പുവരുത്തുകയും ചെയ്യുക;

(ഇ) എഞ്ചിനീയറിംഗ് ഗവേഷണം പരിപോഷിപ്പിച്ചുകൊണ്ടും പ്രോത്സാഹിപ്പിച്ചുകൊണ്ടും എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുടെയും അനുബന്ധ മേഖലകളിലെയും പഠനവും അറിവും പുരോഗമിപ്പിക്കുകയും വ്യാപിപ്പിക്കുകയും ചെയ്യുക;

(എഫ്) എ.ഐ.സി.ടി.ഇ. നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വല്ലതുമുണ്ടെങ്കിൽ അവയ്ക്ക് അനുസൃതമായി പുരോഗതികളെ അടിസ്ഥാനമാക്കി പുതിയ കോഴ്സുകളും പാഠ്യപദ്ധതികളും രൂപപ്പെടുത്തുക;

(ജി) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിൽ മറ്റ് ദേശീയവും അന്തർദേശീയവുമായ സ്ഥാപനങ്ങളുമായി ബന്ധപ്പെടുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക;

(എച്ച്) എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലെ അന്തർവിജ്ഞാനശാഖാ വിദ്യാഭ്യാസവും ഗവേഷണവും പ്രോത്സാഹിപ്പിക്കുക;

(ഐ) ദ്രുതഗതിയിൽ വികസിച്ചുകൊണ്ടും മാറിക്കൊണ്ടുമിരിക്കുന്ന സമൂഹത്തിൽ അറിവ് ആർജ്ജിക്കുന്നത് പ്രോത്സാഹിപ്പിക്കുകയും അറിവ് വർദ്ധിപ്പിക്കുന്നതിന് തുടർച്ചയായി അവസരങ്ങൾ നൽകുകയും ചെയ്യുക;

33/1386/2014/DTP.

(ജെ) നൂതന കണ്ടെത്തലുകളുടെയും ഗവേഷണത്തിന്റെയും കണ്ടുപിടിത്തത്തിന്റെയും പശ്ചാത്തലത്തിൽ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങളുമായി ബന്ധപ്പെട്ട വിദ്യാഭ്യാസപരമായ ശൃംഖല സ്ഥാപിച്ച്, അഭ്യസ്ഥരായ ഒരു സമൂഹത്തിന് യുക്തമായ വൈദഗ്ദ്ധ്യം വളർത്തിയെടുക്കുന്നതിനായി ആധുനിക വാർത്താ മാദ്ധ്യമങ്ങളുടെയും സാങ്കേതിക വിദ്യകളുടെയും ഉപയോഗത്തോടെയുള്ള പരിശീലനം നൽകുക.

(കെ) ഗവേഷണങ്ങളും ബന്ധപ്പെട്ട മേഖലകളിലെ മറ്റ് അക്കാദമിക പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിച്ചുകൊണ്ട് തദ്ദേശീയ സാങ്കേതിക വിദ്യയുടെ വികസനത്തിനായി കൂടുതൽ ഊന്നൽ നൽകുക;

(എൽ) എഞ്ചിനീയറിംഗ് ഗവേഷണവും വളർച്ചയും നൂതന കണ്ടെത്തലുകളും അഭിവൃദ്ധിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ കോളേജുകളിലും സ്ഥാപനങ്ങളിലും ബിരുദാനന്തര ബിരുദത്തിനും ഗവേഷണ പരിപാടികൾക്കും പേര് ചേർക്കുന്നത് ഗണ്യമായി വർദ്ധിപ്പിക്കുക;

(എം) പ്രത്യേക പ്രതിപാദ്യ മേഖലകളിൽ മൾട്ടിഡിസിപ്ലിനറി അപ്ലൈഡ് ഗവേഷണത്തിനായി മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പിന്തുണ നൽകുക;

(എൻ) അക്കാദമിക നിലവാരവും ഫാക്കൽറ്റി നിലവാരവും സ്ഥിരമായും നിരന്തരമായും മെച്ചപ്പെടുത്തുകയും ഉയർത്തുകയും ചെയ്യുന്നതിലൂടെ വിദ്യാർത്ഥികളുടെ പഠന വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുക;

(ഒ) സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നൂതന രീതിയിലുള്ള ചിട്ടയായ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ അവതരിപ്പിക്കുകയും നിലനിർത്തുകയും ചെയ്യുക;

(പി) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് ശാസ്ത്രങ്ങൾ, സാങ്കേതിക ശാസ്ത്രം, മാനേജ്മെന്റ് എന്നീ മേഖലകളിലെ നൂതന കണ്ടെത്തലുകൾക്കും സ്ഥാപനതല മാനേജ്മെന്റ് പരിപാടികൾക്കും സഹായം നൽകുക;

(ക്യു) അനുയോജ്യമായ വ്യാപന പ്രവർത്തനങ്ങളിലൂടെ സാമൂഹിക വികസന പ്രവർത്തനങ്ങൾ അഭിവൃദ്ധിപ്പെടുത്തുക;

(ആർ) സർവ്വകലാശാല അതതു സമയങ്ങളിൽ തീരുമാനിക്കുന്ന അങ്ങനെയുള്ള മറ്റ് ആവശ്യങ്ങൾ.

Rasli
സെക്ഷൻ ഓഫീസർ